**Kudumbashree**

*State Poverty Eradication Mission*

Local Self Govt.Department, Govt.of Kerala

**3648/എം/2017/കെഎസ്എച്ച്ഒ** **05..04..2017**

## പരിപത്രം

വിഷയം: കുടുംബശ്രീ – 19–ാം വാർഷിക ആഘോഷം– കലാകായിക മത്സര നടത്തിപ്പ് മാർഗ്ഗരേഖ – സംബന്ധിച്ച്

സൂചന:- 27/3/2017–ലെ ഈ ഓഫീസിലെ ഇതേ നമ്പർ കത്ത്

സൂചന പ്രകാരം കുടുംബശ്രീയുടെ 19–ാം വാർഷിക ആഘോഷം വിപുലമായ രീതിയിൽ ആഘോഷിക്കുന്നതിന് ജില്ലകൾക്ക് നിർദ്ദേശം നൽകിയിരുന്നു. എഡിഎസ് തലം മുതൽ സംസ്ഥാനതലം വരെ നടക്കുന്ന കലാ–കായിക മത്സരങ്ങളുടെ നടത്തിപ്പ് സംബന്ധിച്ച വിശദമായ മാർഗ്ഗരേഖ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. പ്രസ്തുത മാർഗ്ഗരേഖ പ്രകാരം സംസ്ഥാന മിഷൻ നിർദ്ദേശിച്ചിരിക്കുന്ന പ്രകാരം ജില്ലാ മിഷനുകൾ എഡിഎസ് തലം മുതൽ ജില്ലാതലംവരെയുള്ള കലാ–കായിക മത്സരങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കേണ്ടതാണ്.

(ഒപ്പ്)
**എക്സിക്യൂട്ടീവ് ഡയറക്ടർ**
**കുടുംബശ്രീ**

1. എല്ലാ ജില്ലാമിഷൻ കോ–ഓർഡിനേറ്റർമാർക്കും
2. എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും
3. എല്ലാ പ്രോഗ്രാം മാനേജർമാർക്കും

**പകർപ്പ്**

സ്റ്റോക്ക് ഫയൽ

ഉത്തരിവൻ പ്രകാരം,

പ്രോഗ്രാം ഓഫീസർ (സംഘടന)

# കുടുംബശ്രീ 19-ാം വാർഷികം

# അരങ്ങ് - 2017

## കുടുംബശ്രീ
## കലോത്സവവും
## കായിക മേളയും
## (മാർഗ്ഗരേഖ)

# കുടുംബശ്രീ കലാ കായികമേള

## അരങ്ങ് 2017

## ആമുഖം

സംസ്ഥാനത്ത് 2.77 ലക്ഷം അയൽക്കൂട്ടങ്ങളിലായി 43 ലക്ഷം സ്ത്രീകൾ അംഗങ്ങളായി പ്രവർത്തിക്കുന്നു. സാമ്പത്തിക ശാക്തീകരണത്തിനും സാമൂഹ്യ ശാക്തീകരണത്തിനും ഉതകുന്ന നിരവധി പ്രവർത്തനങ്ങൾ കുടുംബശ്രീ താഴെത്തലം മുതൽ നടത്തിവരുന്നു. സ്ത്രീകളുടെ വ്യക്തിത്വ വളർച്ചയിലും സാമൂഹ്യ പങ്കാളിത്തം ഗണ്യമായി വർദ്ധിപ്പിക്കുന്നതിനും ഈ പ്രവർത്തനങ്ങളിലൂടെ കഴിഞ്ഞിട്ടുണ്ട്. ഈ പ്രവർത്തനങ്ങളുടെ ഗതിവേഗം വർദ്ധിപ്പിക്കുന്നതിനും സർവ്വതല സ്പർശിയായ വികസനം ഉറപ്പാക്കുന്നതിനും ധൈഷണികവും കലാപരവും കായികവുമായ വികസനം അനിവാര്യമാണ്. ഈ ലക്ഷ്യ പ്രാപ്തിക്കായി സംസ്ഥാനത്തെ രണ്ടരലക്ഷം അയൽക്കൂട്ടങ്ങളെ പങ്കെടുപ്പിച്ചു കൊണ്ട് കലാ-കായികമത്സരങ്ങൾ സംഘടിപ്പിക്കുന്നു. ഈ പ്രവർത്തനങ്ങളുടെ സുഗമമായ നടത്തിപ്പിന് ഒരു പൊതു നിയമാവലിയും പ്രവർത്തന ചട്ടക്കൂടും ആവശ്യമായതിനാൽ കുടുംബശ്രീ കലാ-കായിക മാന്വൽ പ്രസിദ്ധീകരിക്കുന്നു. അയൽക്കൂട്ട തലം മുതൽ സംസ്ഥാനതലം വരെ നടക്കുന്ന കുടുംബശ്രീ കുടുംബാഗങ്ങളുടെ ഈ മത്സരം **'അരങ്ങ്-2017'** എന്നപേരിലാണ് സംഘടിപ്പിക്കുന്നത്.

**അധ്യായം 1**

1.01 **കുടുംബശ്രീ ത്രിതല സംഘടനാ സംവിധാനത്തിൻ കീഴിൽ പ്രവർത്തിക്കുന്നതും മത്സര നോട്ടിഫിക്കേഷൻ പ്രസിദ്ധീകൃതമാകുന്ന ദിവസം വരെ അഫിലിയേഷൻ നേടിയതുമായ അയൽക്കൂട്ടങ്ങളിലെ പ്രതിനിധികൾക്കും അവരുടെ കുടുംബങ്ങളിലെ 18 വയസ്സ് പൂർത്തിയായ വനിതകൾക്കും മത്സരങ്ങളിൽ പങ്കെടുക്കുവാൻ കഴിയുന്നതാണ്. കുടുംബം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് ഒരുവീട്ടിൽ ഒരുമിച്ച് താമസിക്കുന്നവരാകണമെന്ന് നിർബന്ധമുണ്ട്.**

1.02 ജില്ലാ മിഷന്റെ അറിയിപ്പനുസരിച്ച് മത്സര വിജ്ഞാപനം പ്രസിദ്ധീകരിക്കേണ്ട ചുമതല സിഡിഎസ്സിനാണ്.

1.03 കുടുംബശ്രീയിൽ അംഗത്വമുള്ളവർക്കും 18 വയസ്സിനു മുകളിൽ പ്രായമുള്ളവരുമായ വനിതാ കുടുംബാംഗങ്ങൾക്കും മാത്രമാണ് മത്സരത്തിൽ പങ്കെടുക്കാൻ സാധിക്കുക. ഒരു വീട്ടിൽ നിന്നും 18 വയസ്സിനു മുകളിൽ പ്രായമായ എത്രപേർ വേണെമെങ്കിലും മത്സരത്തിൽ പങ്കെടുക്കാവുന്നതാണ്.

1.04 വ്യക്തിഗത മത്സരങ്ങളിൽ അയൽക്കൂട്ടത്തെ പ്രതിനിധീകരിച്ചും സംഘ ഇനങ്ങളിൽ ഒന്നോ അതിലധികം അയൽക്കൂട്ടങ്ങളിലെ / എഡിഎസ്സിലെ പ്രതിനിധികൾ ചേർന്നോ മത്സരങ്ങളിൽ പങ്കെടുക്കാവുന്നതാണ്.

1.05 എഡിഎസ് തല മത്സരങ്ങളാണ് പ്രാഥമിക ഘട്ടം. ഇതിൽ ഒന്നാം സ്ഥാനം നേടുന്ന വ്യക്തികളും സംഘങ്ങളും സിഡിഎസ് തല മത്സരത്തിൽ പങ്കെടുക്കുവാൻ അർഹത നേടും.

1.06 സിഡിഎസ്തല മത്സരത്തിൽ ഒന്നാം സ്ഥാനം നേടുന്നവർ / സംഘങ്ങൾ താലൂക്ക്തല മത്സരത്തിൽ പങ്കെടുക്കും.

1.07 താലൂക്ക്തല മത്സരത്തിൽ ഒന്നാം സ്ഥാനവും നേടുന്നവർ/ സംഘങ്ങൾ ജില്ലാതല മത്സരത്തിലേക്ക് അർഹത നേടും.

1.08 ജില്ലാതല മത്സരത്തിൽ ഒന്നാം സ്ഥാനം നേടുന്നവർ/ സംഘങ്ങൾ സംസ്ഥാനതല മത്സരത്തിലേക്ക് അർഹത നേടും.

1.09 സംസ്ഥാന തലത്തിൽ ഏറ്റവും കൂടുതൽ പോയിന്റ് ലഭിക്കുന്ന ജില്ല ഓവറോൾ ചാമ്പ്യൻ ട്രോഫിക്ക് അർഹതനേടുന്നതാണ്.

1.10 ഓരോ ഇനങ്ങളിലും താഴെക്കാണുന്ന വിധം പോയിന്റു ലഭിക്കുന്നതാണ്.

| വ്യക്തിഗതം | ലഭിക്കുന്ന മാർക്ക് |
|---|---|
| 1 –ാം സ്ഥാനം | 5 |
| 2 –ാം സ്ഥാനം | 3 |
| 3 –ാം സ്ഥാനം | 1 |
| **ഗ്രൂപ്പ്** | **ലഭിക്കുന്ന മാർക്ക്** |
| 1 –ാം സ്ഥാനം | 10 |
| 2 –ാം സ്ഥാനം | 5 |
| 3 –ാം സ്ഥാനം | 3 |

1.11 എഡിഎസ് മത്സരങ്ങൾക്ക് സംസ്ഥാന- ജില്ലാ മിഷനുകളിൽ നിന്നും സാമ്പത്തിക സഹായം ഉണ്ടാകുന്നതല്ല. എഡിഎസ് തനതു ഫണ്ട്, പഞ്ചായത്ത്വക ധന സഹായം, സ്പോൺസർഷിപ്പ്, പരസ്യങ്ങൾ, അയൽക്കൂട്ടങ്ങളിൽ നിന്നുള്ള പ്രത്യേക ധനസഹായം എന്നീ മാർഗ്ഗങ്ങളിലൂടെ ടി തുക കണ്ടെത്തേണ്ടതാണ്.

1.12 താഴെപറയും പ്രകാരം മത്സരങ്ങൾക്ക് തുക അനുവദിക്കുന്നതാണ്.
***ജില്ലാതലം -2,22,500/- രൂപ, താലൂക്ക് തലം- 30,000/- രൂപ,***
***സിഡിഎസ് തലം - 5,000/- രൂപ***

അധികമായി വരുന്ന തുക സ്പോൺസർഷിപ്പ്, സിഡിഎസ് വിഹിതം, പരസ്യങ്ങൾ, പഞ്ചായത്ത്/ നഗരസഭാ വിഹിതം എന്നിവയിലൂടെ കണ്ടെത്തണം.

1.13 എല്ലാ മത്സര ഇനങ്ങൾക്കും സർട്ടിഫിക്കറ്റുകൾ നൽകുന്നതാണ്. എഡിഎസ്, സിഡിഎസ് തലത്തിലെ ഒന്ന്, രണ്ട്, സമ്മാനാർഹകൾക്ക് സർട്ടിഫിക്കറ്റുകൾ നൽകേണ്ട ചുമതല സിഡിഎസ്സിനും, താലൂക്കുതലത്തിലും ജില്ലാ തലങ്ങളിലും ജില്ലാ മിഷനും സംസ്ഥാന തലത്തിൽ സംസ്ഥാന മിഷനും നൽകുന്നതാണ്.

*1.14* മത്സര ഇനങ്ങൾ വിലയിരുത്തുന്നതിന് അതാതു മേഖലയിൽ യോഗ്യരായവരെ മാത്രമേ വിധികർത്താക്കളാക്കാവൂ. ഇക്കാര്യത്തിൽ അതാതു തലത്തിലെ സംഘാടകരുടെ പ്രത്യേക ശ്രദ്ധ ഉണ്ടാവണം. മത്സരങ്ങളിൽ വിധി കർത്താക്കളുടെ തീരുമാനം അന്തിമമായിരിക്കും.

1.15 എഡിഎസ് തലത്തിലെ മത്സരവിജയികളുടെ ലിസ്റ്റ് 2 ദിവസത്തിനുള്ളിൽ മെമ്പർ സെക്രട്ടറിക്ക് നൽകേണ്ടതും • സിഡിഎസ് തല മത്സര വിഡയികളുടെ ലിസ്റ്റ് 2 ദിവസത്തിനകം ജില്ലാ മിഷനിൽ സമർപ്പിക്കേണ്ടതും, താലൂക്ക് തല വിജയികളുടെ ലിസ്റ്റ് 2 ദിവസത്തിനകം ജില്ലാ മിഷൻ കോർഡിനേറ്റർക്ക് സമർപ്പിക്കേണ്ടതും ജില്ലാ തല മത്സര വിജയികളുടെ ലിസ്റ്റ് 2 ദിവസത്തിനകം സംസ്ഥാന മിഷനിലെ pospemorg@gmail.com ഇ-മെയിലിലേയ്ക്ക് ജില്ലാ മിഷന്റെ മെയിൽ ഐഡിയിൽ നിന്നും മെയിൽ ചെയ്യണം.

1.16 എഡിഎസ് തലം മുതൽ സംസ്ഥാന തലംവരെ കലോത്സവങ്ങളുടെ വിജയത്തിനായി അതാത് തലങ്ങളിൽ സംഘാടക സമിതി രൂപീകരിച്ച് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കേണ്ടതാണ്.

1.17 ഒരു മത്സരാർത്ഥി 3 വ്യക്തിഗത ഇനത്തിലും 2 ഗ്രൂപ്പിനങ്ങളിലും മാത്രമേ മത്സരിക്കാൻ പാടുള്ളൂ.

1.18 എഡിഎസ് തല മത്സരത്തിൽ നിർബന്ധമായും എല്ലാ അയൽക്കൂട്ടത്തിന്റേയും പ്രതിനിധ്യം ഉറപ്പുവരുത്തണം. ഇതിനായി

നിശ്ചിത ദിവസത്തിന് മുമ്പ് കൃത്യമായ അറിയിപ്പുകൾ ബന്ധപ്പെട്ടവർ നൽകണം.

1.19 സംസ്ഥാനതല മത്സരത്തിൽ പങ്കെടുക്കുന്ന മത്സരാർത്ഥികളുടെ വിശദാംശം പ്രസ്തുത ഫോർമാറ്റിൽ തയ്യാറാക്കി ഫോട്ടോ സഹിതം നിശ്ചിത ദിവസത്തിനുള്ളിൽ സംസ്ഥാന മിഷനിൽ സമർപ്പിക്കണം.

1.20 ചിത്രരചന, പ്രസംഗം എന്നീ മത്സര ഇനങ്ങൾക്ക് വിഷയം നവകേരള മിഷനുമായി ബന്ധപ്പെട്ടത് ആയിരിക്കണം.

1.21 നൃത്ത ഇനങ്ങൾക്ക് പിന്നണിയിൽ റിക്കോർഡിംഗ് രംഗ സജ്ജീകരണത്തിനായി ഉപയോഗിക്കാവുന്നതാണ്.

1.22 എഡിഎസ് തല മത്സരാർത്ഥികൾ മത്സര തീയതിക് ഒരു ദിവസം മുമ്പ് പേര് സംഘാടകരെ അറിയിക്കേണ്ടതാണ്.

**കുടുംബശ്രീ കലോത്സവം – നടത്തിപ്പ് സംബന്ധിച്ച നിബന്ധനകൾ**

1.23. എഡിഎസ് തലം മുതൽ സംസ്ഥാനതലം വരെ ഉള്ള കലോത്സവ സംഘാടന തീയതി ചുവടെ ചേർക്കുന്നു:-

| | |
|---|---|
| എഡിഎസ്തലം | – 2017 ഏപ്രിൽ 22 ന് മുമ്പ് |
| സിഡിഎസ്തലം | – 2017 ഏപ്രിൽ 30 നകം |
| താലൂക്ക് | – 2017 മേയ് 6 നകം |
| ജില്ലാതലം | – 2017 മേയ് 12 നകം |

കുടുംബശ്രീ സംസ്ഥാന മിഷൻ നിർദ്ദേശിച്ചിരിക്കുന്ന തീയതികളിൽ കലോത്സവങ്ങൾ സംഘടിപ്പിക്കേണ്ടതാണ്.

1.24 കലോത്സവ നടത്തിപ്പിന്റെ സംഘാടക സമിതിയുമായി ആലോചിച്ച് ഓരോ മത്സരവും വിലയിരുത്തുന്നതിന് അതത് കലകളിൽ പ്രാവീണ്യമുള്ളവരെ ജഡ്ജിമാരായി നിയമിക്കേണ്ടതാണ്.

1.25 നാടോടി നൃത്തത്തിന് അനുയോജ്യമായ രൂപവും വേഷ വിധാനവുമായിരിക്കണം. ആഡംബരം കഴിയുന്നതും കുറയ്ക്കണം, നാടോടിത്തനിമ കാത്തു സൂക്ഷിക്കണം.

1.26 ഒപ്പനയ്ക്ക് പക്കമേളമോ പിന്നണിയോ പാടില്ല. മുമ്പാട്ടുകാരികൾ നിർബന്ധമാണ്. പിൻപാട്ടും വേണം. മറ്റുള്ളവർ ഏറ്റുപാടണം, പാട്ടും, താളത്തിനൊത്ത കൈയ്യടിയുമാണ് മുഖ്യഘടകം. നൃത്തമല്ലാത്ത രൂപത്തിൽ ചാഞ്ഞും ചരിഞ്ഞുമുള്ള കയ്യടിയും, ചുറ്റിക്കളിയുമാകാം. ഒരു മണവാട്ടിയും വേണം. മത്സരത്തിൽ പങ്കെടുക്കുന്ന പത്തു പേരും സ്റ്റേജിൽ അണിനിരക്കണം.

1.27. തിരുവാതിരക്കളിക്ക് പിൻപാട്ടുകൾക്കും കുടുംബശ്രീ അയൽക്കൂട്ടങ്ങളുമായി ബന്ധപ്പെട്ട അംഗങ്ങൾ തന്നെയാവണം. നിലവിളക്കും നിറപറയും ഉണ്ടായിരിക്കണം. (സംഘാടകർ നൽകണം).

**അദ്ധ്യായം-2**

**എഡിഎസ്തല മത്സരം നടത്തിപ്പ് സംബന്ധിച്ച നിബന്ധനകൾ**

2.01. ജില്ലാ മിഷനിൽ നിന്നും അറിയിക്കുന്ന പ്രകാരം നിശ്ചിത ദിവസത്തിനകം മത്സരം പൂർത്തീകരിക്കണം.

2.02. കലോത്സവം നടത്തിപ്പിനായി വാർഡ് മെമ്പർ രക്ഷാധികാരിയും എഡിഎസ് ചെയർപേഴ്സൺ ചെയർപേഴ്സണും, സെക്രട്ടറി കൺവീനറുമായുള്ള കമ്മിറ്റി രൂപീകരിക്കണം. കമ്മിറ്റി അംഗങ്ങളായി എഡിഎസ് കമ്മിറ്റി അംഗങ്ങൾ, മുൻ സിഡിഎസ് ഭാരവാഹികൾ എന്നിവരെ ഉൾപ്പെടുത്താവുന്നതാണ്.

2.03. മത്സരത്തിൽ പങ്കെടുക്കുന്നതിന് പ്രവേശന ഫീസ് ഈടാക്കാൻ പാടുള്ളതല്ല. മത്സരങ്ങളുടെ നടത്തിപ്പിനായി 1.10 പ്രകാരം ഫണ്ട് കണ്ടെത്തേണ്ടതാണ്.

2.04 കലോത്സവ നടത്തിപ്പിന്റെ നിർവ്വാഹക സമിതിയുമായി ആലോചിച്ച് അതത് മേഖലയിൽ പ്രാവിണ്യമുള്ളവരെ ജഡ്ജ്മാരായി നിയമിക്കണം.

2.05 എല്ലാ മത്സരങ്ങളിലും ഒന്നാം സ്ഥാനം നേടിയവരെ മാത്രമേ സിഡിഎസ് തല മത്സരങ്ങളിൽ പങ്കെടുപ്പിക്കാൻ പാടുള്ളു.

2.06 ഏതെങ്കിലും ഇനത്തിൽ ഒരാൾ മാത്രമാണ് പങ്കെടുത്തതെങ്കിൽ ആ മത്സരാർത്ഥിയെ പ്രകടനത്തിന്റെ അടിസ്ഥാനത്തിൽ മേൽതല മത്സരത്തിൽ പങ്കെടുപ്പിക്കാവുന്നതാണ്.

2.07 ***സ്റ്റേജിതര മത്സരങ്ങളും വ്യക്തിഗത ഇനങ്ങളും മാത്രം എഡിഎസ് തലത്തിൽ നടത്തേണ്ടതുള്ളു. അതായത് വ്യക്തിഗത സ്റ്റേജ് ഇനങ്ങളായ ലളിതഗാനം, മാപ്പിളപ്പാട്, ഫാൻസി ഡ്രസ്സ്, നാടോടി നൃത്തം, മിമിക്രി, മോണോ ആക്ട് എന്നിവയും സ്റ്റേജിതര ഇനങ്ങളായ ചിത്രരചന (പെൻസിൽ, ജലച്ഛായം), കഥാരചന (മലയാളം), കവിതാ രചന (മലയാലം), പ്രസംഗം, കവിതാപാരായണം, കർട്ടൂൺ എന്നിവയും എഡിഎസ് തലത്തിൽ വേണം.***

**സിഡിഎസ്തല മത്സരങ്ങൾ നടത്തിപ്പ് സംബന്ധിച്ച നിബന്ധനകൾ**

2.08 എഡിഎസ്തല മത്സരങ്ങൾ പൂർത്തീകരിച്ച് ജില്ലാ മിഷൻ നിർദ്ദേശിച്ച സമയത്തിനുള്ളിൽ സിഡിഎസ് തല മത്സരം പൂർത്തീകരിക്കണം.

2.09 ഏതെങ്കിലും ഇനത്തിൽ ഒരാൾ മാത്രമോ, ഒരു സംഘമാത്രമേ ഉണ്ടെങ്കിൽ ആ വ്യക്തിയെ /സംഘത്തെ താലൂക്ക് തല മത്സരത്തിൽ പങ്കെടുപ്പിക്കാവുന്നതാണ്. സർട്ടിഫിക്കറ്റിന് മത്സരാർത്ഥി അർഹനായിരിക്കും.

2.10 സിഡിഎസ് തല മത്സരങ്ങളുടെ വിജയത്തിനായി തദ്ദേശ സ്ഥാപന മേലധികാരി രക്ഷാധികാരിയും സിഡിഎസ് ചെയർപേഴ്സൺ ചെയർപേഴ്സണായും മെമ്പർ സെക്രട്ടറി കൺവീനറായും നിർവ്വാഹക സമിതി രൂപീകരിക്കേണ്ടതാണ്. പ്രോഗ്രാം കമ്മിറ്റി, സ്റ്റേജ് & സൗണ്ട കമ്മിറ്റി, സ്വീകരണ കമ്മിറ്റി, ഫൈനാൻസ് കമ്മിറ്റി, ഭക്ഷണ കമ്മിറ്റി എന്നീ കമ്മിറ്റികൾ രൂപീകരിക്കണം. സിഡിഎസ് ഭാരവാഹികളായിരിക്കണം ടി കമ്മിറ്റിയുടെ കൺവീനർമാർ. ചെയർപേഴ്സൺ /ചെയർമാൻമാരായി വിവിധ ജനപ്രതിനിധികളെ ഉൾപ്പെടുത്തണം.

2.11 ***സംഘയിനങ്ങളുടെ പ്രാഥമികതലം സിഡിഎസ്തല മത്സരങ്ങളാണ്.***

***2.12 എഡിഎസ്തല മത്സരങ്ങളുടെ ദ്വിദീയതലം സിഡിഎസ്തലമാണ്.***

**താലൂക്ക്തല മത്സരങ്ങൾ നടത്തിപ്പ് സംബന്ധിച്ച നിബന്ധനകൾ**

2.13 സിഡിഎസ്തല മത്സരങ്ങൾ പൂർത്തീകരിച്ച് ജില്ലാ മിഷൻ നിർദ്ദേശിച്ച സമയത്തിനുള്ളിൽ താലൂക്ക്തല മത്സരം പൂർത്തീകരിക്കണം.

2.14 ഏതെങ്കിലും ഇനത്തിൽ ഒരാൾ മാത്രമോ, ഒരു സംഘമാത്രമേ ഉണ്ടെങ്കിൽ ആ വ്യക്തിയെ /സംഘത്തെ താലൂക്ക് തല മത്സരത്തിൽ പങ്കെടുപ്പിക്കാവുന്നതാണ്. സർട്ടിഫിക്കറ്റിന് മത്സരാർത്ഥി അർഹനായിരിക്കും.

2.15 താലൂക്ക്തല മത്സരങ്ങളുടെ വിജയത്തിനായി മത്സരം നടത്തുന്ന പ്രദേശത്തെ എംഎൽഎ രക്ഷാധികാരിയും പ്രസ്തുത പ്രദേശത്തെ ബ്ലോക്ക് പഞ്ചായത്ത് /നഗരസഭാ അദ്ധ്യക്ഷൻ ചെയർമാനും, എഡിഎംസി/ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ നിർദ്ദേശിക്കുന്നു ഉദ്യോഗസ്ഥൻ കൺവീനറുമായി സംഘാടക സമിതി രൂപീകരിക്കണം. പ്രോഗ്രാം കമ്മിറ്റി, സ്റ്റേജ് & സൗണ്ട് കമ്മിറ്റി, സ്വീകരണ കമ്മിറ്റി, ഫൈനാൻസ് കമ്മിറ്റി, ഭക്ഷണ കമ്മിറ്റി എന്നീ കമ്മിറ്റികൾ രൂപീകരിക്കണം. പ്രസ്തുത പ്രദേശത്തെ സിഡിഎസ് ചെയർപേഴ്സൺ, മെമ്പർ സെക്രട്ടറിമാർ എന്നിവർ ടി കമ്മിറ്റിയിലെ അംഗങ്ങളായി ഉൾപ്പെടുത്തണം.

**ജില്ലതല മത്സരങ്ങൾ നടത്തിപ്പ് സംബന്ധിച്ച നിബന്ധനകൾ**

2.16 താലൂക്ക്തല മത്സരങ്ങൾ പൂർത്തീകരിച്ച് സംസ്ഥാന മിഷൻ നിർദ്ദേശിച്ച സമയത്തിനുള്ളിൽ ജില്ലാതല മത്സരം പൂർത്തീകരിക്കണം.

2.17 ഏതെങ്കിലും ഇനത്തിൽ ഒരാൾ മാത്രമോ, ഒരു സംഘമാത്രമേ ഉണ്ടെങ്കിൽ ആ വ്യക്തിയെ /സംഘത്തെ സംസ്ഥാനതല മത്സരത്തിൽ പങ്കെടുപ്പിക്കാവുന്നതാണ്. സർട്ടിഫിക്കറ്റിന് മത്സരാർത്ഥി അർഹനായിരിക്കും.

2.18 ജില്ലാതല മത്സരങ്ങളുടെ വിജയത്തിനായി ജില്ലയെ പ്രതിനിധാനം ചെയ്യുന്ന മന്ത്രി രക്ഷാധികാരിയായും ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും, ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ കൺവീനറുമായി നിർവ്വാഹക സമിതി രൂപീകരിക്കേണ്ടതാണ്. പ്രോഗ്രാം കമ്മിറ്റി, സ്റ്റേജ് & സൗണ്ട് കമ്മിറ്റി, സ്വീകരണ കമ്മിറ്റി, ഫൈനാൻസ് കമ്മിറ്റി, ഭക്ഷണ കമ്മിറ്റി എന്നീ കമ്മിറ്റികൾ രൂപീകരിക്കണം. ജില്ലാ തല ഉദ്യോഗസ്ഥർ ആയിരിക്കണം ടി കമ്മിറ്റിയുടെ കൺവീനർമാർ.

**അദ്ധ്യായം-3**

**അപ്പീലുകൾ**

3.01. എഡിഎസ് തല മത്സരങ്ങളുടെ അപ്പീൽ അധികാരി മെമ്പർ സെക്രട്ടറിമാർ ആയിരിക്കും.

3.02. സിഡിഎസ് തല മത്സരങ്ങളുടെ അപ്പീൽ അധികാരി ബ്ലോക്ക് കോ-ഓർഡിനേറ്റർമാർ ആയിരിക്കും.

3.03. താലൂക്ക്തല മത്സരങ്ങളുടെ അപ്പീൽ അധികാരി അസിസ്റ്റന്റ് ജില്ലാ മിഷൻ കോ-ഓർഡിനേറ്റർമാർ ആയിരിക്കും.

3.04. ജില്ലാതല മത്സരങ്ങളുടെ അപ്പീൽ അധികാരി ജില്ലയുടെ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ ആയിരിക്കും.

3.05. സംസ്ഥാനതല മത്സരങ്ങളുടെ അപ്പീൽ അധികാരി കുടുംബശ്രീ ഡയറക്ടർ (എ & എഫ്) ആയിരിക്കും.

3.06. അതാത്തല മത്സരങ്ങളുടെ ഫലപ്രഖ്യാപനപത്തിനു ശേഷം, രണ്ട് മണിക്കൂറിനകം അപ്പീൽ സമർപ്പിച്ചിരിക്കണം.

3.07. താഴെപറയും പ്രകാരം അപ്പീൽ ഫീസ് ഈടാക്കണം.
എഡിഎസ് തലം- 200/- രൂപ
സിഡിഎസ് തലം- 300/- രൂപ
താലൂക്ക് തലം- 400/- രൂപ
ജില്ലാ/സംസ്ഥാന തലം - 500/- രൂപ

3.08. അപ്പീൽ അനുവദിക്കുന്ന പക്ഷം ടി തുക മത്സരാർത്ഥിക്ക് തിരികെ നൽകേണ്ടതാണ്. അപ്പീൽ അനുവദിക്കാത്ത പക്ഷം പ്രസ്തുത തുക അതാത് തലങ്ങളിലെ തനത് ഫണ്ടിലേയ്ക്ക് കൈമാറണം. താലൂക്ക്തല അപ്പീലുകളുടെ തുക ജില്ലാ മിഷന്റെ തനത് ഫണ്ടിലേയ്ക്ക് അടയ്ക്കണം.

3.10 അപ്പീൽ അധികാരി കൈപ്പറ്റിയ തുക രസീത് മത്സരാർത്ഥികൾക്ക് നൽകണം.

3.11. അപ്പീലധികാരികൾ അപ്പീലുകൾ ലഭിച്ച് രണ്ടു ദിവസത്തിനകം പ്രസ്തുത അപ്പീലിന് തീർപ്പ് ഉണ്ടാക്കണം. അപ്പീലുമായി ബന്ധപ്പെട്ട വിഷയത്തിലെ

രണ്ട് വിദഗ്ദ്ധരുടെ (വിധിനിർണ്ണയകർത്താക്കൾ പാടില്ല) സേവനം പ്രയോജനപ്പെടുത്തിവേണം അന്തിമ തീരുമാനം കൈകൊള്ളേണ്ടത്. ആവശ്യമുള്ള പക്ഷം മത്സരാർത്ഥികളിൽ നിന്നും നേരിട്ട് തെളിവ് സ്വീകരിക്കാവുന്നതാണ്. എഡിഎസ് തലം മുതൽ താലൂക്ക്തലംവരെയുള്ള മത്സരങ്ങൾക്ക് മൂല്യനിർണ രേഖ പരിശോധിച്ചതിനുശേഷം അന്തിമവിധി നൽകാവുന്നതാണ്. എന്നാൽ ജില്ലാ/സംസ്ഥാനതലങ്ങളിൽ മുഴുവൻ പരിപാടികളുടെയും വീഡിയോ റിക്കാർഡ് ചെയ്യണം. ഈ തലങ്ങളിൽ തെളിവായി ഇത് ഉപയോഗിക്കാവുന്നതാണ്.

## സ്റ്റേജ് ഇനങ്ങൾ

| നമ്പർ | ഇനങ്ങൾ | തരം | സമയം | പങ്കെടുക്കുന്നവരുടെ എണ്ണം | മത്സര തലം |
|---|---|---|---|---|---|
| 1. | ലളിതഗാനം | വ്യക്തിഗതം | 5 മി | 1 | എഡിഎസ് |
| 2. | മാപ്പിളപ്പാട്ട് | വ്യക്തിഗതം | 5 മി | 1 | എഡിഎസ് |
| 3. | ഫാൻസിഡ്രസ്സ് | വ്യക്തിഗതം | 2 മി | 1 | എഡിഎസ് |
| 4. | നാടോടിനൃത്തം | വ്യക്തിഗതം | 5 മി | 1 | എഡിഎസ് |
| 5. | മിമിക്രി | വ്യക്തിഗതം | 5 മി | 1 | എഡിഎസ് |
| 6. | മോണോ ആക്ട് | വ്യക്തിഗതം | 5 മി | 1 | എഡിഎസ് |
| 7. | സംഘഗാനം | ഗ്രൂപ്പ് | 10 മി | 7 | സിഡിഎസ് |
| 8. | സംഘനൃത്തം | ഗ്രൂപ്പ് | 10 മി | 7 | സിഡിഎസ് |
| 9. | നാടൻ പാട്ട് | ഗ്രൂപ്പ് | 5 മി | 7 | സിഡിഎസ് |
| 10. | തിരുവാതിര | ഗ്രൂപ്പ് | 10 | 10 | സിഡിഎസ് |
| 11. | ഒപ്പന | ഗ്രൂപ്പ് | 10 മി | 10 | സിഡിഎസ് |
| 12. | നാടകം | ഗ്രൂപ്പ് | 30 മി | 10 | സിഡിഎസ് |
| 13. | ശിങ്കാരിമേളം | ഗ്രൂപ്പ് | 10 മി | 10 മുതൽ 15 | സിഡിഎസ് |
| വ്യക്തിഗത മത്സരങ്ങൾ | | | | | |

## സ്റ്റേജിതര ഇനങ്ങൾ

| നമ്പർ | ഇനങ്ങൾ | തരം | സമയം | പങ്കെടുക്കുന്നവരുടെ പരമാവധി എണ്ണം | മത്സര തലം |
|---|---|---|---|---|---|
| 1. | ചിത്രരചന (പെൻസിൽ) | വ്യക്തിഗതം | 60 മിനിറ്റ് | 1 | എഡിഎസ് |
| 2. | ചിത്രരചന (ജലചായം) | വ്യക്തിഗതം | 120 മിനിറ്റ് | 1 | എഡിഎസ് |
| 3. | കഥാരചന (മലയാളം) | വ്യക്തിഗതം | 90 മി | 1 | എഡിഎസ് |
| 4. | പ്രസംഗം | വ്യക്തിഗതം | 10 മി | 1 | എഡിഎസ് |
| 5. | കവിതാപാരായണം | വ്യക്തിഗതം | 10 മി | 1 | എഡിഎസ് |
| 6. | കാർട്ടൂൺ | വ്യക്തിഗതം | 15 മി | 1 | എഡിഎസ് |
| 7. | കവിതാ രചന (മലയാളം) | വ്യക്തിഗതം | 90 മി | 1 | എഡിഎസ് |

# മൂല്യനിർണയോപാധികൾ
## വ്യക്തിഗത ഇനങ്ങൾ

| ക്രമ നം. | മത്സര ഇനങ്ങൾ | മാനദണ്ഡം | മാർക്ക് |
|---|---|---|---|
| 1. | ചിത്ര രചന (പെൻസിൽ) | തന്നിട്ടുള്ള വിഷയമായുള്ള ബന്ധം | 20 |
| | | സംവിധാനം (കോമ്പോസിഷൻ) | 20 |
| | | പ്രയോഗ സാമർത്ഥ്യം | 20 |
| | | രേഖകളുടെയും ഇരുൾവെളിച്ചങ്ങളുടെയും സവിശേഷത | 20 |
| | | പൂർണത | 20 |
| 2. | ചിത്ര രചന (ജലച്ഛായ) | തന്നിട്ടുള്ള വിഷയമായുള്ള ബന്ധം | 20 |
| | | സംവിധാനം (കോമ്പോസിഷൻ) | 20 |
| | | ജലച്ഛായത്തിന്റെ പ്രയോഗത്തിലുള്ള മികവ് | 20 |
| | | ശൈലി | 20 |
| | | പൂർണത | 20 |
| 3. | കഥാരചന | ഭാഷ | 20 |
| | | സർഗ്ഗാത്മകത | 20 |
| | | ആവിഷ്ക്കാര രീതി | 20 |
| | | സൗന്ദര്യാത്മകത | 20 |
| | | പ്രതിപാദനരീതി | 20 |
| 4. | കവിതാ രചന | ഭാഷ | 20 |
| | | സർഗ്ഗാത്മകത | 20 |
| | | ആവിഷ്ക്കാര രീതി | 20 |
| | | സൗന്ദര്യാത്മകത | 20 |
| | | പ്രതിപാദനരീതി | 20 |
| | കവിതാപാരായണം | ഭാഷ | 20 |
| | | അവതരണം | 20 |
| | | താളം | 20 |
| | | സാഹിത്യ ശുദ്ധി | 20 |
| | | ശാരീരം | 20 |
| 5. | കാർട്ടൂൺ | തന്നിട്ടുള്ള വിഷയുമായുള്ള ബന്ധം | 20 |
| | | രചനാശൈലി | 20 |
| | | ആക്ഷേപഹാസ്യസാമൂഹ്യ വിമർശനം | 20 |
| | | സംവിധാനം | 20 |
| | | നർമ്മബോധം | 20 |
| 6. | പ്രസംഗം | സദാകമ്പമില്ലാതെ സംസാരിക്കാനുള്ള കഴിവ് | 20 |
| | | അക്ഷ സ്ഫുടത | 20 |
| | | ഭാഷശുദ്ധി | 20 |
| | | ആശയ സ്ഫുടത | 20 |
| | | സന്ദർഭോജിത്മാ ശബ്ദനിയന്ത്രണം | 20 |
| | | | |

| വ്യക്തിഗത ഇനങ്ങൾ | | | |
|---|---|---|---|
| മൂല്യനിർണയോപാധികൾ | | | |
| 1. | ലളിതഗാനം | ശാരീരം | 20 |
| | | ശ്രുതിലയം | 20 |
| | | ജ്ഞാന ഭാവം | 20 |
| | | താളം | 20 |
| | | സാഹിത്യ ശുദ്ധി | 15 |
| | | സദസ്സിനെ അഭിമുഖീകരിക്കൽ | 2 |
| 2. | മാപ്പിളപ്പാട് | ശാരീരം | 25 |
| | | ശ്രുതിലയം | 25 |
| | | താളം | 25 |
| | | സാഹിത്യ ശുദ്ധി ഉച്ചാരണ ശുദ്ധിയും | 25 |
| 3. | ഫാൻസി ഡ്രസ് | അവതരണം | 25 |
| | | വേഷം | 25 |
| | | ഭാവപ്രകടനം | 25 |
| | | ചമയം | 25 |
| 4. | മിമിക്രി | അഭിനയം | 25 |
| | | തന്മയത്വം | 25 |
| | | അനുകരണസാമർത്ഥ്യം | 25 |
| | | വിഷയത്തോടുള്ള നീതി പുലർത്തൽ | 25 |
| | നാടോടി നൃത്തം | ആകാര സൂക്ഷ്മ | 20 |
| | | വേഷം | 20 |
| | | ഭാവ പ്രകടനം | 20 |
| | | താളം | 20 |
| | | ചലന ഭംഗി | 20 |
| 5. | മോണോ ആക്ട് | അക്ഷരസ്ഫുടത | 25 |
| | | ആശയ സ്ഫുടത | 25 |
| | | ഭാവാഭിനയം | 20 |
| | | സംഭാഷണം | 25 |
| | | പ്രമേയവും പാത്രവൽക്കരണവും | 15 |
| ഗ്രൂപ്പ് ഇനങ്ങൾ | | | |
| 1. | സംഘനൃത്തം | നർത്തകർ തമ്മിലുള്ള യോജിച്ച് | 20 |
| | | വേഷവിധാനവും വിഷത്തിന്റെ യോജിപ്പും | 20 |
| | | ചലനം | 20 |
| | | താളം | 20 |
| | | അവതരണം | 20 |
| 2. | നാടൻ പാട്ട് | സാഹിത്വം | 20 |
| | | താളം ഈണം | 20 |
| | | ഉച്ചാരണം | 20 |
| | | ഏറ്റുപാട്ടുകളുടെ യോജിപ്പ് | 20 |
| | | ഉപകരണം | 20 |
| 3. | സംഘഗാനം | അവതരണരീതി | 25 |
| | | ശ്രുതി ലയം, താളം | 25 |
| | | ആശയഗ്രഹണം | 25 |
| | | സംഘാംഗങ്ങൾ തമ്മിലുള്ള ചേർച്ച | 25 |

| | | | |
|---|---|---|---|
| 4. | തിരുവാതിര | വേഷത്തനിമ | 25 |
| | | ചലനം | 25 |
| | | താളം | 25 |
| | | ചുവട് | 25 |
| 5. | ഒപ്പന | വട്ടപ്പാട്ടിന്റെ ഇശൽ | 20 |
| | | പാട്ടിന്റെ സാഹിത്യം | 20 |
| | | താളവും കയ്യടിയുടെ ചേർച്ചയും | 20 |
| | | ശ്രുതിലയവും ശബ്ദഭംഗിയും | 20 |
| | | തനിമയാർന്ന അവതരണം | 20 |
| 6. | നാടകം | കഥാ വസ്തു | 20 |
| | | സംഭാക്ഷണം | 20 |
| | | അഭിനയം | 20 |
| | | വേഷം | 20 |
| | | അവതരണം | 20 |
| 7. | ശിങ്കാരി മേളം | മനോധർമ്മം | 20 |
| | | ലയം | 20 |
| | | വാദ്യോപാകരണങ്ങളുടെ യോജിപ്പ് | 20 |
| | | താളം | 20 |
| | | നാദം | 20 |

## മത്സരവിജയികൾക്കുള്ള ഫോർമാറ്റ് എഡിഎസ് തലം

എഡിഎസ്................................ താലൂക്ക്......................................... ജില്ല.....................

| ക്രമ നം. | പേര് മേൽവിലാസം | എൻഎച്ച്ജിയുടെ പേര് | വിജയിച്ച ഇനം | സ്ഥാനം | റിമാർക്ക്സ് |
|---|---|---|---|---|---|
| | | | | | |

## മത്സരവിജയികൾക്കുള്ള ഫോർമാറ്റ് സിഡിഎസ് തലം

സിഡിഎസ്................................ താലൂക്ക്......................................... ജില്ല.....................

| ക്രമ നം. | പേര് മേൽവിലാസം | എൻഎച്ച്ജിയുടെ പേര് | എഡിഎസ്സിന്റെ പേര് | വിജയിച്ച ഇനം | സ്ഥാനം | റിമാർക്ക്സ് |
|---|---|---|---|---|---|---|
| | | | | | | |

## മത്സരവിജയികൾക്കുള്ള ഫോർമാറ്റ് താലൂക്ക് തലം

താലൂക്കിന്റെ പേര്............................... ജില്ല.....................

| ക്രമ നം. | പേര് മേൽവിലാസം | എൻഎച്ച്ജിയുടെ പേര് | സിഡിഎസ്സിന്റെ പേര് | വിജയിച്ച ഇനം | സ്ഥാനം | റിമാർക്ക്സ് |
|---|---|---|---|---|---|---|
| | | | | | | |

## മത്സരവിജയികൾക്കുള്ള ഫോർമാറ്റ് ജില്ലാ തലം

ജില്ല....................

| ക്രമ നം. | പേര് മേൽവിലാസം | താലൂക്ക് പേര് | സിഡിഎസ്സിന്റെ പേര് | എൻഎച്ച് ജിയുടെ പേര് | വിജയിച്ച ഇനം | സ്ഥാനം | റിമാർക്ക്സ് |
|---|---|---|---|---|---|---|---|
| | | | | | | | |

## മത്സരവിജയികൾക്കുള്ള ഫോർമാറ്റ് സംസ്ഥാന തലം

ജില്ല....................

| ക്രമ നം. | പേര് മേൽവിലാസം | ജില്ലയുടെ പേര് | സിഡിഎസ്സിന്റെ പേര് | എൻഎച്ച്ജിയുടെ പേര് | വിജയിച്ച ഇനം | സ്ഥാനം | റിമാർക്ക്സ് |
|---|---|---|---|---|---|---|---|
| | | | | | | | |

**അദ്ധ്യായം-4**

**കുടുംബശ്രീ കായിക മത്സരം നടത്തിപ്പ് സംബന്ധിച്ച നിബന്ധനകൾ**

4.1. കായിക മത്സരങ്ങൾ സിഡിഎസ്, ജില്ലാതലങ്ങളിൽ മാത്രമാണ് സംഘടിപ്പിക്കേണ്ടത്.

4.2. കായിക മത്സരങ്ങൾ ജില്ലാ മിഷൻ നിർദ്ദേശിക്കുന്ന ദിവസങ്ങളിൽ സംഘടിപ്പിക്കണം. കുടുംബശ്രീ കലാമത്സരം സംഘടിപ്പിക്കുന്നതിന് കുടുംബശ്രീ സംസ്ഥാന മിഷൻ നിർദ്ദേശിച്ചിരിക്കുന്ന തീയതിയിൽ തന്നെ കായിക മത്സരവും സംഘടിപ്പിക്കേണ്ടതാണ്.

4.3. സംഘാടക സമിതിയിൽ കായിക മത്സരങ്ങളുടെ വിദഗ്ദ്ധരെ കൂടി ഉൾപ്പെടുത്താം.

4.4. സിഡിഎസ്-ജില്ലാതല സംഘാടക സമിതിയിൽ കായിക മേഖലയുമായി പരിചയമുള്ള ആൾക്കാരെ പ്രവർത്തനങ്ങൾക്കായി നിയോഗിക്കേണ്ടതാണ്.

4.5 ഓരോ കായിക ഇനങ്ങളും നിശ്ചിത മാനദണ്ഡമനുസരിച്ച് നടത്തേണ്ടതാണ്. ഉദാ:- ഓട്ടം, വടംവലി മുതലായവ.

4.6 ഓട്ടം, റിലേ പോലുള്ള കായിക മത്സരങ്ങൾക്ക് സമയസൂചിക യന്ത്രം (ടൈമർ) ഉപയോഗിച്ച് പരാതിരഹിത മത്സരങ്ങൾ ആയി ഓരോ തലത്തിലും നടത്തേണ്ടതാണ്.

4.7 ഓരോ കായിക മത്സരങ്ങൾക്കും ആവശ്യമായ മുന്നൊരുക്കവും ആവശ്യമായ സ്ഥലവും കണ്ടെത്തി കൃത്യമായി പ്ലാൻ ചെയ്ത് നടപ്പിലാക്കേണ്ടതാണ്.

4.8 വടംവലി മത്സരത്തിൽ വടം പുറത്തിട്ട് വലിക്കുന്ന രീതി അനുവദിക്കുന്നതല്ല. വടം പിടിച്ച് വലിക്കുന്ന രീതി മാത്രമേ അനുവദിക്കുകയുള്ളു. പിറകിൽ നിൽകുന്ന ആളിന് വടം പുറത്ത് ഇട്ട് വലിക്കാവുന്നതാണ്.

4.9. വടം വലിക്കുള്ള വടം അതാത് തലത്തിൽ സംഘാടകർ സജ്ജമാക്കേണ്ടതാണ്.

**<u>മത്സരങ്ങൾ</u>**

4.10 മത്സരങ്ങൾ സിഡിഎസ് – ജില്ലാ തലങ്ങളിലാണ് ഉള്ളത്.

4.11 അയൽക്കൂട്ട അംഗങ്ങൾക്കും 18 വയസ്സിനു മുകളിൽ പ്രായമുള്ള കുടുംബാംഗങ്ങൾക്കും മത്സരത്തിൽ പങ്കെടുക്കാൻ യോഗ്യരാണ്. റിലേ, വടംവലി മത്സരത്തിന്റെ ഗ്രൂപ്പിൽ ഒരു കുടുംബത്തിൽ നിന്നും ഒന്നിൽ കൂടുതൽ ആളുകൾ പങ്കെടുക്കാൻ പാടുള്ളതല്ല.

4.12 സിഡിഎസ്സിൽ നിന്ന് മത്സരിച്ച് വിജയിച്ചവർക്കു മാത്രമേ ജില്ലാതല മത്സരത്തിൽ പങ്കെടുക്കാൻ സാധിക്കുകയുള്ളു.

4.13 താഴെപറയുന്ന ഇനങ്ങളിൽ മത്സരം ഉണ്ടായിരിക്കും

4.14 വ്യക്തിഗത/ഗ്രൂപ്പ് ഇനങ്ങൾക്ക് പോയിന്റ് തീരുമാനിക്കുന്ന രീതി ചുവടെ നൽകുന്നു.

| വ്യക്തിഗതം | ലഭിക്കുന്ന മാർക്ക് |
|---|---|
| 1 | 5 |
| 2 | 3 |
| 3 | 1 |
| **ഗ്രൂപ്പ്** | **ലഭിക്കുന്ന മാർക്ക്** |
| 1 | 10 |
| 2 | 5 |
| 3 | 3 |

| നമ്പർ | ഇനം | നീളം | മത്സര തലം | പങ്കെടുക്കുന്നവരുടെ പരമാവധി എണ്ണം |
|---|---|---|---|---|
| 1. | ഓട്ടം | 100 മീറ്റർ | സിഡിഎസ്/ജില്ല | 1 |
| | | 200 മീറ്റർ | സിഡിഎസ്/ജില്ല | 1 |
| | | 400 മീറ്റർ | സിഡിഎസ്/ജില്ല | 1 |
| | | 800 മീറ്റർ | സിഡിഎസ്/ജില്ല | |
| 2. | റിലേ | 100 x 4 | സിഡിഎസ്/ജില്ല | |
| 3. | ലോങ്ങ്ജംബ് | | സിഡിഎസ്/ജില്ല | |
| 4. | നടത്തം | 800 മീറ്റർ | സിഡിഎസ്/ജില്ല | |
| 5. | വടം വലി | | സിഡിഎസ്/ജില്ല | |
| 6. | ഷോട്ട് പുട്ട് | 4 കിലോ | സിഡിഎസ്/ജില്ല | |

5/4/18

**എക്സിക്യൂട്ടീവ് ഡയറക്ടർ**
**കുടുംബശ്രീ**